DESPATCHED
On..05/03/2020
7/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 306(2)/2019**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ 3330/എസ്.ഐ.സി-ജി 6/19)
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.കെ.വിജയൻ,
ഇന്ദീവരം, വിദ്യാ നഗർ – 105,
മയ്യനാട് പി.ഒ., കൊല്ലം,
പിൻ – 691 303.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സീനിയർ സൂപ്രണ്ട്,
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി&
അഡീഷണൽ ഡയറക്ടർ (എ&റ്റി),
ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം,
വഞ്ചിയൂർ പി.ഒ., തിരുവനന്തപുരം – 695 035.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 30.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 19.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 28.12.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 19.02.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 28.02.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.03.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 29.10.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ.വിജയൻ, 28.02.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 01.03.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.306(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് തൃപ്തികരമായ മറുപടി ലഭിച്ചില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന്മേൽ അപ്പീൽ അധികാരിയും തൃപ്തി കരമായ മറുപടി നൽകിയില്ലെന്നും ആകയാൽ ടിയാന് വ്യക്തവും തൃപ്തികരവു മായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 30.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 19.12.2018ന് നൽകിയ മറുപടിയിൽ ടിയാന്റെ അപേക്ഷ യിലെ 2-ാം ഇനത്തിന് ഹർജിക്കാരൻ സൂചിപ്പിച്ചിരിക്കുന്ന തീയതികളിൽ വിരമി ക്കുന്നവരുടെ പേരു വിവരം വച്ചു മാത്രം ഏതെല്ലാം ജില്ലകളിലാണ് എൻട്രി കേഡറിൽ ഒഴിവുകളുണ്ടാകുന്നത് എന്ന് പറയാൻ നിർവ്വാഹമില്ലെന്നും ക്രമനമ്പർ 3ന് 2-ാം ഇനത്തിന് നൽകിയിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമ ല്ലെന്നും ക്രമനമ്പർ 5ന് ഇ.എഫ്2/40300/16/ആവഡ നമ്പർ പ്രകാരമുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 14.03.2018ലെ ഉത്തരവു പ്രകാരമാണ് ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ നിന്നും ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചതെന്നും 4-ാം ഇനത്തിന് ആവശ്യപ്പെട്ട വിവരം ടി ഓഫീസിലെ തന്നെ ബന്ധപ്പെട്ട സെക്ഷനിൽ നിന്ന് ലഭിക്കുന്നതാണെന്നും കൂടാതെ ടിയാന്റെ അപേ ക്ഷയിലെ 1-ാം ചോദ്യം അതാത് ജില്ലാ മെഡിക്കൽ ഓഫീസറുമായി ബന്ധപ്പെട്ട താകയാൽ പ്രസ്തുത വിവരം ടിയാന് നേരിട്ട് ലഭ്യമാക്കുന്നതിനായി അപേക്ഷ യുടെ പകർപ്പ് അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് അയച്ചുകൊടുത്തിട്ടു ണ്ടെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 19.02.2019ന് മറുപടി നൽകിയതായും കാണുന്നു.

4. 03.04.2019ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നും ടിയാന്റെ അപേക്ഷയിലെ ഒന്നാം ഇനത്തിനുള്ള മറുപടി ടി ഓഫീസിൽ ലഭ്യമല്ലാത്തതിനാൽ ടിയാന് നേരിട്ട് മറുപടി നൽകുന്നതിനായി 14

ജില്ലാ മെഡിക്കൽ ഓഫീസർക്കാർക്കും അയച്ചു കൊടുക്കുകയും ചെയ്തുവെന്നും ഒന്നാം എതിർകക്ഷിയുടെ മറുപടി തൃപ്തികരമല്ലെന്നു കാണിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ ഹർജിക്കാരന് മറുപടി നൽകി അപ്പീൽ തീർപ്പാക്കിയെന്നുമാണ്. ഹർജിക്കാരൻ 2-ാം നമ്പരായി ആവശ്യപ്പെട്ട വിവരങ്ങൾ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2ന്റെ നിയമനം സംബന്ധിച്ചായിരുന്നുവെന്നും ആയത് ജില്ലാതല നിയമനമായതിനാൽ അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരാണ് നിയമനാധികാരിയെന്നും ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2ൽ നിന്നും ഗ്രേഡ്-1ലേക്കുള്ള പ്രൊമോഷൻ നടത്തുന്നത് സംസ്ഥാന സീനിയോറിറ്റി ലിസ്റ്റിൽ നിന്നാണെങ്കിലും അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാർ റിപ്പോർട്ട് ചെയ്യുന്ന ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1ന്റെ ഒഴിവുകളുടെ അടിസ്ഥാനത്തിലാണെന്നുമാണ്. വിരമിക്കൽ വഴിയും സ്ഥാനക്കയറ്റം വഴിയും ഉണ്ടാകുന്ന ഒഴിവുകൾ നികത്തിയതിനു ശേഷം മാത്രമേ എൻട്രി കേഡറിലെ ഒഴിവുകൾ കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളുവെന്ന് ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ സമാനസ്വഭാവമുള്ള വിവരങ്ങൾ വീണ്ടും ആവശ്യപ്പെടുകയും ആയതിനെല്ലാം മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ നേരിൽ കേട്ടതിലും, ഹർജിക്കാരന്റെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയതായി കമ്മീഷനു ബോധ്യമാകുന്നു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരന് ലഭ്യമായ മറുപടി നൽകിയിട്ടുണ്ടെന്നും വിരമിക്കൽ വഴി സ്ഥാനക്കയറ്റം നൽകേണ്ട ഒഴിവുകൾ എവിടെയാണ് ഉണ്ടാകുന്നത് എന്ന് അറിയാൻ കഴിയില്ലെന്നും ടി വിവരങ്ങളെല്ലാം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ടെന്നുമാണ്. ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെ അടിസ്ഥാനത്തിലും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM